MONDAY

01.07.2024

തിങ്കളാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## Farm Information Bureau

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA

Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN


Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com, fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 01/07/2024

1. നാളികേര കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി നാളികേര വികസന ബോർഡ് ധനസഹായം നൽകുന്നു. ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ ഉപയോഗിച്ച് തെങ്ങു പുതു കൃഷി പദ്ധതിയിലൂടെ കർഷകർക്ക് സാമ്പത്തിക സഹായം നൽകുന്നു. അപേക്ഷാ ഫോം ബോർഡിന്റെ www.coconutboard.gov.in എന്ന വെബ് സൈറ്റിൽ നിന്നു ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ കൃഷി ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബോർഡിൽ സമർപ്പിക്കുന്ന കർഷകർക്ക് സബ്സിഡി തുക ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് ലഭിക്കും. ഒന്നാം വർഷ സബ്സിഡി ലഭിച്ചതിനു ശേഷം രണ്ടാം വർഷത്തിലേയ്ക്കുള്ള അപേക്ഷ പൂരിപ്പിച്ച് കൃഷി ഓഫീസറുടെ സാക്ഷ്യപത്രത്തോടൊപ്പം സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 0484- 2377266 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. ഫിഷറീസ് വകുപ്പ് ജനകിയ മത്സ്യകൃഷി 2024 - 2025 പദ്ധതി പ്രകാരം ജില്ലയിൽ നടപ്പാക്കുന്ന പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉത്പാദന യൂണിറ്റ് (കരിമിൻ, വരാൽ) പദ്ധതികൾക്കായി അപേക്ഷ ക്ഷണിച്ചു. താത്പര്യമുള്ളവർ വെള്ളപേപ്പറിൽ തയാറാക്കിയ അപേക്ഷകൾ ഫിഷറിസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല), ജില്ലാ മത്സ്യഭവൻ മണക്കാട് പി ഒ. കമലേശ്വരം തിരുവനന്തപുരം പിൻ 695009 എന്ന വിലാസത്തിലോ ബന്ധപ്പെട്ട മത്സ്യഭവനുകൾ മുഖേനയോ ജൂലൈ അഞ്ചിനകം സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2464076, 2450773 എന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

3. കൃഷി വകുപ്പിൻറെ കീഴിൽ, ഗുണമേന്മയുള്ള മെച്ചപ്പെട്ടയിനം ടിഷ്യൂ കൾച്ചർ വാഴ തൈകൾ ഉല്പാദിപ്പിച്ചു കർഷകർക്ക് വിതരണം ചെയ്യുന്ന ഒരു പ്രധാന സ്ഥാപനമാണ് കഴക്കൂട്ടത്ത് പ്രവർത്തിക്കുന്ന ബയോ ടെക്നോളജി ആൻറ് മോഡൽ ഫ്ലോറികൾച്ചർ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

സെൻററ്. (BMFC). വിവിധ ഇനങ്ങളിൽപ്പെട്ട ടിഷ്യൂ കൾച്ചർ വാഴ തൈകൾ ഇവിടെ വാണിജ്യാടിസ്ഥാനത്തിൽ ഉല്പാദിപ്പിച്ചു വിതരണം ചെയ്തുവരുന്നു. നിലവിൽ നേന്ത്രൻ, ചെങ്കദളി, ഗ്രാൻനെയ്ൻ ഇനങ്ങളുടെ ടിഷ്യൂകൾച്ചർ വാഴതൈകൾ വില്പ്പനക്ക് ലഭ്യമാണ്. വാഴ ഒന്നിന് 20 രൂപയാണ് വില. കൂടുതൽ വിവരങ്ങൾക്ക് കർഷകർ 0471 - 2413739 എന്ന ഫോൺ നമ്പറിലോ bmfctvm@yahoo.co.in എന്ന ഇ-മെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

4. കേരള കാർഷിക സർവകലാശാല, കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തിയിൽ പുതുതായി ആരംഭിച്ച 'ഡിപ്ലോമ ഇൻ അഗ്രികൾച്ചറൽ മെക്കാനിസേഷൻ' എന്ന രണ്ടു വർഷത്തെ കോഴ്സിൽ ഇൻസ്ട്രക്ടർമാരെ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നു. അപേക്ഷകർ ബി.ടെക് അഗ്രികൾച്ചർ എൻജിനീയറിങ്/ മെക്കാനിക്കൽ എൻജിനീയറിങ് ബിരുദം ഉള്ളവർ ആയിരിക്കണം. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്നതിന് അസ്സൽ സർട്ടിഫിക്കറ്റുകളുമായി 12.07.2024 രാവിലെ 11 മണിക്ക് കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി ഓഫീസിൽ ഹാജരാകേണ്ടതാണ് . ഒഴിവുകളുടെ എണ്ണം- ഒന്നു വീതം. നിയമന കാലാവധി- ഒരു വർഷം, പ്രതിമാസ വേതനം-26,500 രൂപ വിശദവിവരങ്ങൾക്ക് www.kau.in സന്ദർശിക്കുക

**പരിശീലന പരിപാടി**

5. സൂക്ഷ്മ, ചെറുകിട സംരംഭങ്ങൾ ആരംഭിക്കുവാൻ ആഗ്രഹിക്കുന്നവർക്കായി കേരളാ സ്റ്റാർട്ടപ്പ് മിഷനുമായി സഹകരിച്ച് ജൂലൈ നാലിന് വ്യാഴാഴ്ച ASAP, കമ്മ്യൂണിറ്റി സ്കിൽ പാർക്ക്, വിദ്യാനഗർ, ഗവണ്മെന്റ് എഞ്ചിനീയറിംഗ് കോളേജിന് സമീപം, കാസർഗോഡ് വെച്ച് ഒരു ഏകദിന സംരംഭകത്വ ബോധവത്കരണ സെമിനാർ നടത്തുന്നു.

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുവാനും അവ നടത്തിക്കൊണ്ടു പോകുന്നതിനും വേണ്ടതായ മാർഗ്ഗനിർദ്ദേശങ്ങളും ഈ സെമിനാറിൽ പ്രതിപാദിക്കുന്നതാണ്. കേന്ദ്ര, സംസ്ഥാന വ്യവസായ മേഖലയുമായി ബന്ധപ്പെട്ട പദ്ധതികളെക്കുറിച്ചും, വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സംരംഭം തുടങ്ങുവാൻ ആഗ്രഹിക്കുന്നവർക്കായുള്ള പദ്ധതികളെക്കുറിച്ചുള്ള ക്ളാസ്സുകളും ഉണ്ടായിരിക്കുന്നതാണ്. ഒപ്പം ഓരോ വ്യവസായവും വിജയകരമായി നടത്തിക്കൊണ്ടു പോകുന്നതിനുള്ള ഒരു മോട്ടിവേഷൻ ക്ലാസും ഉൾപ്പെടുത്തിയിരിക്കുന്നു. സർക്കാർ നടത്തുന്ന ഈ സൗജന്യ സെമിനാറിൽ പങ്കെടുക്കുവാൻ താല്പര്യമുള്ളവർ അവരുടെ പേര്, മൊബൈൽ നമ്പർ തുടങ്ങിയ വിവരങ്ങൾ രജിസ്റ്റർ ചെയ്യുക. രജിസ്റ്റർ ചെയ്ത ആദ്യ 150 പേർക്ക് ആയിരിക്കും പ്രവേശന അനുമതി ഉണ്ടായിരിക്കുകയുള്ളൂ. പട്ടിക ജാതി പട്ടിക വർഗ വിഭാഗക്കാർക്ക് മുൻഗണന. കൂടുതൽ വിവരങ്ങൾക്ക് 0487 2360536, 8330080536 എന്നീ ഫോൺ നമ്പരിലോ martinpalakkad@gmail.com എന്ന ഇമെയിൽ വിലാസത്തിലോ ബന്ധപ്പെടുക.

**കാർഷിക നിർദ്ദേശം**

6. നെല്ലിലെ ബ്ലാസ്റ്റ് രോഗം നൽച്ചെടിയുടെ എല്ലാ വളർച്ച ഘട്ടങ്ങളെയും ബാധിക്കുന്നു. ഇലകളിൽ നീല കലർന്ന തവിട്ടു നിറത്തിലുള്ള പുള്ളിക്കുത്തുകളാണ് ആദ്യ ലക്ഷണം. രോഗം രൂക്ഷമായി ബാധിച്ച കതിരിലെ നെൽമണികൾ തവിട്ടു നിറത്തിലോ കറുപ്പ് നിറത്തിലോ ഉള്ള പുളിക്കുത്തുകൾ കാണാം. നിയന്ത്രണ മാർഗങ്ങൾ : വിത്ത് പരിചരണത്തിനായി 10 ഗ്രാം സ്യൂഡോമോണസ് ഒരു കിലോ വിത്തിൽ പുരട്ടി 12 മണിക്കൂർ വച്ചതിനുശേഷം വിതയ്ക്കുക. രോഗലക്ഷണങ്ങൾ കണ്ടു തുടങ്ങിയാൽ ഹൈ ക്ലോകൊണാസോൾ 1.5 മില്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കുക.